നടപ്പിലാക്കരുതെന്ന കോടതിവിധി കണക്കിലെടുത്തും വിദ്യാഭ്യാസ അവകാശ നിമയത്തിൽ പരാമർശിക്കുന്നത് സ്കൂൾ തലത്തിലുള്ള 1:30/1:35 അനുപാതമാണ് എന്നതിനാലും ടി അനുപാതം ക്ലാസ് തലത്തിൽ നടപ്പിലാക്കിയാലുള്ള വൻ സാമ്പത്തിക ബാധ്യത കണക്കിലെടുത്തും കെ.ഇ.ആർ. പ്രകാരമുള്ള 1:45 അനുപാതം നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ 2011-12 മുതൽ 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അദ്ധ്യാപകരെ 1:30/1:35 അനുപാതത്തിന്റെ ആനുകൂല്യം നൽകി അംഗീകരിക്കാനും സംരക്ഷണം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഫിക്സേഷനുശേഷം മാത്രമേ പുറത്താകുന്നവരുടെ കൃത്യമായ എണ്ണം തിട്ടപ്പെടുത്താനാവുകയുള്ളൂ. 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അദ്ധ്യാപകരെയെല്ലാം സംരക്ഷിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 2015-16 മുതൽ 1:45 അനുപാതം നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2011-12 മുതൽ 2014-15 വരെ നിയമിക്കപ്പെട്ട റഗുലർ അദ്ധ്യാപകരെ 1:30/1:35 അനുപാതത്തിൽ അംഗീകരിച്ച് സംരക്ഷണം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. അദ്ധ്യാപകപാക്കേജ് പിൻവലിച്ചുകൊണ്ടും തസ്തികനിർണ്ണയവും സംരക്ഷണവുമുൾപ്പെടുന്ന പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള ഭരണനടപടി ദ്രുതഗതിയിൽ നടന്നുവരുന്നു.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹയർ സെക്കണ്ടറി വകുപ്പിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന സർവ്വകലാശാലാ ജീവനക്കാർ

1 (3716) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി വകുപ്പിൽ ഓപ്ഷൻ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്തിരുന്ന സർവ്വകലാശാലാ ജീവനക്കാർ, OP (KAT) 162, 165 നമ്പരുകളായി ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന അപ്പീൽ പെറ്റീഷനുകളിന്മേലുള്ള കോടതി വിധി എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ 30-5-2015-ൽ വിടുതൽ ചെയ്യപ്പെട്ട സർവ്വകലാശാലാ ജീവനക്കാരെ ഹയർ സെക്കണ്ടറി വകുപ്പിൽ തിരികെ പ്രവേശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്രകാരം തിരികെ പ്രവേശിപ്പിക്കപ്പെടാവുന്ന ജീവനക്കാരുടെ സീനിയോറിറ്റി കൂടി സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന ഇന്റർസേ സീനിയോറിറ്റി തയ്യാറാക്കുന്ന പ്രക്രിയയിൽ പരിഗണിക്കുമോ ; പ്രസ്തുത ഉന്റർസേ സീനിയോറിറ്റി ലിസ്റ്റിൽ സർവ്വകലാശാലാ ജീവനക്കാർ ഏത് സീനിയോറിറ്റി ക്രമത്തിൽ സ്ഥിരപ്പെടുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോടതി വിധിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

(ബി &സി) പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം

2 (3718) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തണമെന്ന സുപ്രീം കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) എയ്ഡഡ് കോളേജ് നിയമനങ്ങളിൽ എസ്സി./എസ്ടി. വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് യു.ജി.സി. സംസ്ഥാന ഗവൺമെന്റിന് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കത്ത് എന്നാണ് ലഭിച്ചത്; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 32393/10, 33205/10, 9140/13 റിട്ട് പെറ്റീഷനുകളിലെ 25-5-2015-ലെ വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് യു.ജി.സി. നിർദ്ദേശത്തിന്റെ പകർപ്പ് ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല. എയ്ഡഡ് കോളേജുകളിലെ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly